# നിശബ്ദമാകരുത്, ഉയരട്ടെ ഇനിയും ശാഹീൻബാഗുകൾ

**പൗരത്വ** നിയമ ഭേദഗതിക്കെതിരെയുള്ള പ്രതിഷേധങ്ങളാൽ മുഖരിതമാണ് കഴിഞ്ഞ രണ്ട് മാസത്തിലേറെയായി ഇന്ത്യയിലെ തെരുവുകൾ. ദില്ലിയിലെ ജാമിയ യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾ കൊളുത്തിയ സമരാഗ്നി രാജ്യമെമ്പാടും അതിവേഗത്തിൽ പടർന്നുകയറി. മുസ്ലീം മതവിഭാഗത്തോട് മാത്രം വിവേചനം കാണിക്കുന്നതരത്തിൽ രൂപപ്പെടുത്തിയ, ഭരണഘടനയുടെ അന്തസത്തയ്ക്ക് വിരുദ്ധമായ പൗരത്വ നിയമം അത്രമേൽ എതിർക്കപ്പെടേണ്ടതാണ് എന്നത് ജീവശ്വാസം പോലെ പ്രധാനപ്പെട്ട ഒന്നായി ജനാധിപത്യവിശ്വാസികൾ ഏറ്റെടുത്തു. ആ സമരങ്ങളിൽ ഏറ്റവും ഉന്നതമായ മൂല്യങ്ങൾ പുലർത്തിയ അത്യപൂർവ്വമായ ഒരു പ്രക്ഷോഭമാണ് ദില്ലിയിലെ ശാഹീൻബാഗ് സമരം. രാജ്യമെമ്പാടുമുള്ള ജനാധിപത്യ വിശ്വാസികളെ, മതനിരപേക്ഷ സമൂഹത്തെ പ്രചോദിപ്പിച്ച, പ്രക്ഷോഭനിരയിലേക്ക് ആനയിച്ച സ്ത്രീകളുടെ മുൻകൈയിൽ നടക്കുന്ന ഒരു സമരം. ജാമിയയിലെ വിദ്യാർത്ഥികളെ ക്യാമ്പസിനുള്ളിൽ കയറി പോലീസ് ആക്രമിച്ചതിൽ പ്രതിഷേധിച്ച് തെക്കൻ ഡൽഹിയേയും നോയ്ഡയേയും ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട റോഡിൽ 2019 ഡിസംബർ 15ന് രാത്രി പത്ത് മണിക്ക് പത്ത് സ്ത്രീകൾ തുടങ്ങിവച്ചതായിരുന്നു ഈ സമരം. ദിവസങ്ങൾക്കുള്ളിൽ ആയിരക്കണക്കിന് സ്ത്രീകൾ ഇതിനോടൊപ്പം അണിചേർന്നു. പൗരത്വനിയമത്തിനെതിരെ തുടരുന്ന ഏറ്റവും ദൈർഘ്യമേറിയ പ്രതിഷേധമായി ശാഹീൻബാഗ് സമരം മാറി.

ജനങ്ങൾ തെരുവിലിറങ്ങുന്നതൊന്നും ഞങ്ങൾക്കൊരു പ്രശ്നമല്ല എന്ന സന്ദേശം (ഭീഷണി) നൽകിക്കൊണ്ട് പൗരത്വഭേദഗതി നിയമവുമായി മുന്നോട്ടുപോകുന്നതിന് തന്നെയാണ് കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുന്നത്. പ്രക്ഷോഭങ്ങൾ കണ്ടില്ലെന്ന് നടിക്കാൻ സർക്കാറിന് കഴിയുന്നുണ്ടെങ്കിലും അനുദിനം ജനപിന്തുണയേറിക്കൊണ്ടിരിക്കുന്ന, വളരെ സമാധാനപൂർവ്വമായി തുടരുന്ന ശാഹീൻബാഗ് പ്രക്ഷോഭം സർക്കാറിന് നേതൃത്വം നൽകുന്ന സംഘപരിവാറിനെ സംബന്ധിച്ച് ഒരു തലവേദനയായി മാറിയിട്ടുണ്ടായിരുന്നു. അതുകൊണ്ടുതന്നെ അവർക്ക് ആകെ പരിചിതമായമായ ശൈലിയിൽ അവർ പൗരത്വനിയമത്തിനെതിരായ പ്രക്ഷോഭങ്ങളെ നേരിടാൻ തീരുമാനിച്ചു. ശാഹീൻബാഗിൽ ഉയർന്നതുപോലെ ഒരു സമരവേദി വടക്കുകിഴക്കൻ ദില്ലിയിൽ തുറക്കപ്പെടുന്നത് തടയാൻ വേണ്ടി അവർ കലാപം അഴിച്ചുവിട്ടു. അക്രമകാരികളുടെ ആ അഴിഞ്ഞാട്ടങ്ങൾ ആദ്യഘട്ടത്തിൽ കലാപമെന്ന് തോന്നിച്ചെങ്കിലും മണിക്കൂറുകൾക്കകം വടക്കുകിഴക്കൻ ദില്ലിയിൽ ആകെ പടർന്നുപിടിച്ച വളരെ ആസൂത്രിതമായ ഒരു വംശഹത്യയായി അത് മാറുകയായിരുന്നു. 2002ൽ, ഇതുപോലെ ഒരു ഫെബ്രുവരി മാസത്തിൽ, ഗുജറാത്തിൽ നടന്ന വംശഹത്യയെ ഓർമ്മിപ്പിക്കും വിധമുള്ള നീക്കങ്ങൾ ദില്ലിയിലും ആവർത്തിച്ചു. മുസ്ലീങ്ങളുടെ വീടുകൾ, കടകൾ തിരിഞ്ഞുപിടിച്ച് തീയിട്ടു. ആരാധനാലയങ്ങൾ തകർക്കപ്പെട്ടു. ഗ്യാസ് സിലിണ്ടർ ഉപയോഗിച്ച് കെട്ടിടങ്ങൾ തകർക്കുന്ന ഗുജറാത്ത് കലാപകാലത്തെ രീതി ദില്ലിയിലെ ഗലികളിലും പുനരവതരിപ്പിക്കപ്പെട്ടു. സംഘപരിവാർ അക്രമത്തിനിറങ്ങുമ്പോൾ കാണാറുള്ള ഒരു പതിവ് കാഴ്ച കൂടി ദില്ലിയിൽ കാണാൻ കഴിഞ്ഞു. ബാബറി മസ്ജിദ് തകർക്കപ്പെട്ട കർസേവയുടെ കാലത്തും ഗുജറാത്ത് വംശഹത്യാ നാളുകളിലും കണ്ട ആ കാഴ്ച, പോലീസ് നിഷ്ക്രിയരായി നോക്കിനിൽക്കുന്ന ദാരുണ കാഴ്ച. 2020ൽ എത്തുമ്പോഴേക്കും പോലീസ് നിഷ്ക്രിയർ മാത്രമായിരുന്നില്ല, കലാപകാരികൾക്ക് വേണ്ടുവോളം സഹായങ്ങൾ ചെയ്ത് അവർ ഹിന്ദുത്വ ഭീകരരുടെ ഔദ്യോഗിക ആർമിയായി മാറിയിരിക്കുന്നു. ഫാസിസ്റ്റുകൾ പട്ടാളത്തെയും പോലീസിനെയും ഉപയോഗിക്കുന്നത് ഭയപ്പെടുത്താനും നിശബ്ദമാക്കാനും മാത്രമല്ല, ആസൂത്രിത വംശഹത്യകൾക്കും വർഗ്ഗീയ കലാപങ്ങൾക്കും ആൾക്കൂട്ട കൊലകൾക്കും കാവൽ നിൽക്കാൻ വേണ്ടിക്കൂടിയാണെന്നതാണ് സംഘപരിവാർ നിർമ്മിച്ചെടുത്തിരിക്കുന്ന പുതിയ ഇന്ത്യൻ യാഥാർത്ഥ്യം. അക്രമവും കൊള്ളയും തീവയ്പ്പും പോലീസ് തന്നെ നേരിട്ടു നടത്തുന്ന വീഡിയോകൾ പൗരത്വനിയമത്തിനെതിരായ പ്രതിഷേധങ്ങളെ അടിച്ചമർത്താൻ തുടങ്ങിയ നാളുകൾ മുതൽ വ്യാപകമായി പ്രചരിക്കുന്നുണ്ടല്ലോ. വീഡിയോകളിൽ കാണുന്ന ഒരൊറ്റ പോലീസുകാരനെതിരെയും ഇതുവരെ ഒരു കേസുപോലും രജിസ്റ്റർ ചെയ്തിട്ടില്ല എന്നോർക്കണം. പോലീസുകാർ മാത്രമല്ല, കലാപകാരികൾ പോലും സംഘപരിവാർ നടത്തുന്ന അക്രമങ്ങളിൽ ശിക്ഷിക്കപ്പെടുന്നത് ഈ രാജ്യത്ത് വളരെ അപൂർവ്വമാണ്. എന്നാൽ സംഘപരിവാറിന്റെ അക്രമങ്ങൾക്കെതിരെ നിലപാട് സ്വീകരിക്കുന്നവരെ കാത്തിരിക്കുന്നത് കാരാഗൃഹങ്ങളാണ്. 2002 ലെ ഗുജറാത്ത് വംശഹത്യ തടയാൻ നരേന്ദ്ര മോദി ഒന്നും ചെയ്തില്ലെന്ന് സുപ്രീം കോടതിയിൽ സത്യവാങ്മൂലം നൽകുകയും കലാപത്തിൽ മോദിക്ക് പങ്കുണ്ടെന്ന് ശക്തമായി വാദിക്കുകയും ചെയ്ത സഞ്ജീവ് ഭട്ട് 30 വർഷം മുമ്പുള്ള ഒരു കേസിൽ ശിക്ഷിക്കപ്പെട്ട് ഇപ്പോഴും ജയിലിലാണല്ലോ. അതിലും ഗുരുതരമായ സംഭവങ്ങളാണ് ദില്ലി കലാപത്തെ തുടർന്ന് അരങ്ങേറുന്നത്. ദില്ലിയിലെ വംശഹത്യക്ക് കാരണമായ വിദ്വേഷ പ്രസംഗങ്ങൾ നടത്തിയ ബി.ജെ.പി നേതാക്കൾക്കെതിരെ കേസെടുക്കാൻ ആവശ്യപ്പെട്ട ദില്ലി ഹൈക്കോടി ജഡ്ജ് മുരളീധർ ഒറ്റ രാത്രികൊണ്ടാണല്ലോ പഞ്ചാബ്-ഹരിയാന ഹൈക്കോടതിയിലേക്ക് സ്ഥലം മാറ്റപ്പെട്ടത്. ഏറ്റവും ഒടുവിൽ അവർ തേടിയെത്തിയിരിക്കുന്നത് രണ്ട് മലയാളം മാദ്ധ്യമങ്ങളെയാണ്. ദില്ലി കലാപം റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചുവെന്ന് ആരോപിച്ച് പ്രമുഖ മലയാളം ചാനലുകളായ ഏഷ്യാനെറ്റിന്റെയും മീഡിയ വണ്ണിന്റെയും സംപ്രേക്ഷണം 48 മണിക്കൂറാണ് കേന്ദ്ര സർക്കാർ തടഞ്ഞുവച്ചത്. "Channel seems to be critical towards Delhi police and RSS" എന്നതാണ് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം ഏഷ്യാനെറ്റിലും മീഡിയാ വണ്ണിലും കണ്ട ഗുരുതരമായ കുറ്റം. അതെ, ഇന്ത്യയിൽ ആർ.എസ്.എസിനെ വിമർശിക്കുന്നത് അച്ചടക്ക നടപടി നേരിടേണ്ട ഒരു അപരാധമായി മാറിയിരിക്കുന്നു. വംശഹത്യയുടെ ആസൂത്രകർ ഭരണചക്രം തിരിക്കുന്ന നാട്ടിൽ വിമതശബ്ദങ്ങളുടെ സ്ഥിതി പരിതാപകരമാണ്. നിശബ്ദമാകരുത്. ഉയരട്ടെ, ഇനിയും ശാഹീൻബാഗുകൾ... ■